


വൈഖരി
2K20 LITTLE KITES
Made with PosterMyWall.com

# ആമുഖം

2019-20 അദ്ധ്യയന വർഷത്തിൽ കൂട്ടമംഗലം എസ്. എൻ. ഡി. പി. ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ ഒരുക്കിയ ഡിജിറ്റൽ മാഗസിനാണ് വൈഖരി. കുട്ടികളിലെ സർഗവാസനകൾ തിരിച്ചറിയുവാനും വായനയെ പ്രോത്സാഹിപ്പിക്കാനും വിദ്യാലയങ്ങളിലെ സാഹിത്യ കൂട്ടായ്മകൾ എന്നും മുന്നിലാണ്. ഇത്തരമൊരു കൂട്ടായ്മയിൽ പുതുമകളോടെ വിരിഞ്ഞ താണ് നമ്മുടെ വൈഖരി. വിവരസാങ്കേതികരംഗത്ത് നമ്മുടെ കുട്ടികൾക്ക് ഏറെ മുന്നേറാൻ ലിറ്റിൽ കൈറ്റ്സ് വേദിയൊരുക്കുന്നു. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികൾ സ്വയം തയ്യാറാക്കിയതാണ് ഈ മാഗസിൻ. വൈവിധ്യമാർന്ന ഇതിലെ വിഭവങ്ങൾ ആസ്വദിക്കുവാൻ നിങ്ങൾക്കായി സസ്നേഹം സമർപ്പിക്കുന്നു.

*സ്വാർത്ഥസ്പർശം തെല്ലുമില്ലാത്ത സേവനം തന്നെയാണ് മഹത്തായ മതം*




**അവിരാമവും നിസ്വാർത്ഥവുമായ കർമ്മമാണ് പ്രാർത്ഥന*

**ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉള്ളവരാകുന്നത് സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു.*

**ഓരോ വീട്ടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ അദ്ധ്യാപകരും.*

**നിങ്ങൾ മനുഷ്യരാകുന്നതുകൊണ്ട് മാത്രം വലിയവനാകുന്നില്ല.*

*മനുഷ്യത്തമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്.*


**അഹിംസ എന്നത് ഇഷ്ടത്തിനൊത്ത് ഇടാനും ഊരാനും കഴിയുന്ന ഒരു വസ്ത്രമല്ല. അതിന് ഹൃദയത്തിലാണ് സ്ഥാനം.അത് നമ്മുടെ വ്യക്തിത്വത്തിൻെറ അവകാശഘടകമായരിക്കണം.*

**ദേഷ്യം അഹിംസയുടെ ശത്രുവാണ് അഹൻകാരം എന്നത് അതിനെ വിഴുങ്ങുന്ന സത്വവും*

അനാമിക

# അകലേക്കുള്ള യാത്ര


***ഒരുപാട് നാളുകൾക്ക് ശേഷം 7-ൽ ആ അവസരം എന്നെ തേടിയെത്തി. ഒരു വിനോദ യാത്ര. കൂട്ടുകാരുമായി പോകാൻ ലഭിച്ച ആദ്യ അവസരം. ആ ദിവസത്തിനു വേണ്ടി ഒറ്റ ദിവസം ബാക്കി നിൽക്കുമ്പോൾ മറ്റുചിലർ യാത്രയിൽ നിന്ന് ഒഴിവായി. അതിൽ എനിക്ക് ഒരുപാട് വിഷമം തോന്നി. പക്ഷേ മറ്റുചില കൂട്ടുകാരുമായി ഞങ്ങൾ വിനോദയാത്രയ്ക്ക് പോകാൻ തീരുമാനിച്ചു. ഞങ്ങളുടെ യാത്ര എറണാകുളത്തെ പാർക്കിലേക്ക് ആയിരുന്നു. രാവിലെ 6.30 ന് കൈനകരിയിൽ വളരെ നേരത്തെ ഞാൻ ചെന്നു. എൻറെ കൂട്ടുകാർ എല്ലാവരും വരാൻ തുടങ്ങി. ഒപ്പം സ്കൂളിലെ ടീച്ചർമാരും . എല്ലാ പ്രാവശ്യം പോലെ ശ്രീ പാർവതി ബസ് തന്നെ മാനേജ്മെൻറ് എടുത്തു. ബസ് കൃത്യസമയത്ത് എത്തി. ഞങ്ങൾ നേരെ കൂട്ടുകാരുമായി പുറകിലത്തെ സീറ്റിലേക്ക് കുതിച്ചുചാടി. അങ്ങനെ ഞങ്ങളുടെ യാത്ര തുടങ്ങി. എല്ലാവരുടെയും കണ്ണുകളിലും ഹൃദയങ്ങളിലും പ്രതീക്ഷയുടെ നാമ്പുകൾ വളരാൻ തുടങ്ങി. ഏതാനും നിമിഷങ്ങൾ കൊണ്ട് ഞങ്ങൾ ആലപ്പുഴയിൽ എത്തി. അവിടെനിന്ന് മറ്റു ടീച്ചേഴ്സും കുട്ടികളും കയറി. പതിയെ ഞങ്ങൾ പെട്രോൾ പമ്പയിലേക്ക് നീങ്ങി. ഞങ്ങളെപ്പോലെ യാത്രയ്ക്ക് പോകാൻ വന്നാ ധാരാളം ബസ്സുകൾ അവിടെ ഉണ്ടായിരുന്നു. അവിടെവെച്ചുതന്നെ ഞങ്ങൾ ഭക്ഷണം കഴിച്ചശേഷം എറണാകുളം ലക്ഷ്യമാക്കി ഞങ്ങൾ യാത്രതിരിച്ചു. കുറേ മണിക്കൂറുകൾക്ക് ശേഷം ഞങ്ങൾ എറണാകുളത്തെത്തി. എറണാകുളത്തെ കാഴ്ചകൾ ഞങ്ങളെ പുതിയ***



അനുഭവത്തിലേക്ക് നയിച്ചു. എങ്ങും തിങ്ങി നിൽക്കുന്ന മലനിരകൾ. വലിയ കാടുകളും ഉണ്ടായിരുന്നു. ഇവയെല്ലാം എൻറെ കണ്ണുകളെ വിസ്മയിപ്പിച്ചു. പിന്നെ ഞങ്ങൾ മെട്രോ കണ്ടു. ഇതെല്ലാം ഞങ്ങളെ വളരെയധികം അതിശയിപ്പിച്ചു. തേനീച്ച കൂട്ടിൽ കല്ല് എറിയപ്പെട്ട തേനീച്ചകളെ പോലെ അങ്ങ് കിങ്ങ് ആയി ധാരാളം വാഹനങ്ങൾ തിങ്ങിക്കൂടി കിടപ്പുണ്ടായിരുന്നു. എറണാകുളം നഗരത്തിലൂടെ ഞങ്ങൾ നീങ്ങവേ വലിയ ഒരു പ്രതിഭാസം ഞങ്ങളുടെ കണ്ണുകളെ പുളകം കൊള്ളിച്ചു. ആ പ്രതിഭാസമായിരുന്നു ആതിരപ്പള്ളി വെള്ളച്ചാട്ടം. വലിയ ഭയാനക ശബ്ദത്തോടുകൂടി വെള്ളച്ചാട്ടം ഒരു വലിയ കൊക്കയിലേക്ക് ചാടുന്നു. ആ വെള്ളം ചെന്ന് പതിക്കുന്നത് വലിയ പാറ കെട്ടുകളുടെ പുറത്തേക്കാണ്. ഇത് നമുക്ക് മഴ പോലെയുള്ള ഒരു അനുഭവം ഉളവാക്കിയെടുക്കുന്നു. ഈ വെള്ളച്ചാട്ടം കണ്ടല്ലോ എന്നാ സന്തോഷം എൻറെ മനസ്സിൽ അലതല്ലി കളിച്ചു. അവിടെ നിന്ന് യാത്രതിരിച്ചു. തുടർന്ന് പാർക്കിലേക്ക് യാത്രയായി. ആദ്യം വാട്ടർ റൈഡുകൾ സന്ദർശിച്ചു. 3D മൂവികൾ കണ്ടു. അങ്ങനെ5 മണിയോടെ ഞങ്ങൾ സ്നോ പാർക്കിൽ ചെന്നു. മഞ്ഞു നിറഞ്ഞ സ്ഥലം ഞങ്ങൾ കൂട്ടുകാരൻ എല്ലാവരും മഞ്ഞിൽ കളിച്ചു.സ്നോ റൈഡിൽ കയറി. സമയം പോയതുതന്നെ അറിഞ്ഞതേയില്ല. 6 മണിയോടെ സ്നോ പാർക്കിൽ നിന്ന് പുറപ്പെട്ടു. ഞാൻ ആഗ്രഹിച്ചതുപോലെ തന്നെ വളരെ രസകരവും ഗംഭീരവും ആയിരുന്നു . ഈ അനുഭവം ഞാൻ ഒരിക്കലും മറക്കുകയില്ല.

ആരോമൽ മനോജ്

# അമ്പിളിമാമൻ




അമ്പിളിമാമാ പൊന്നഴകേ
നിന്നുടെ ചന്തം പറയാനില്ല
എൻ മുറ്റത്ത് വെട്ടം പകരും
അമ്പിളിമാമാ പൊന്നഴകേ
നിൻ കൂട്ടർ താരകങ്ങൾ
എന്നും നിന്നൊപ്പമുണ്ടല്ല
എന്നും മിന്നിത്തിളങ്ങുമ്പോൾ
കാണാനെന്തു രസമാണ്
ചിരിച്ച നിൽക്കും നിൻ ചുണ്ട്
കാണാനെന്തു രസമാണ്
തിളങ്ങി നിൽക്കും നിൻ കണ്ണ്
കാണാനെന്തു ചേലാണ്
അമ്പിളിമാമാപൊന്നഴകേ
നിന്നുടെ ചന്തം പറയാനില്ല
എൻ മുറ്റത്ത് വെട്ടം പകരും അമ്പിളിമാമാ
പൊന്നഴകേ

ആദിത്യാ പി രമേശ്

# എൻറെ കുട്ടനാട്


കേരളത്തിലെ ആലപ്പുഴ ജില്ലയിലെ ഒരു പ്രധാന സ്ഥലമാണ് കുട്ടനാട് കാർഷികവൃത്തി പ്രധാനമായുള്ള ഇവിടം കേരളത്തിലെ നെൽകൃഷിയുടെ പ്രധാന കേന്ദ്രമാണ് ഇന്ത്യയിൽ തന്നെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളിൽ ഒന്നാണ് കുട്ടനാട്. 500 കിലോമീറ്ററോളം പ്രദേശം. കാണിക്കുന്നില്ല സമുദ്ര നിരപ്പിനേക്കാൾ താഴെയാണ് സ്ഥിതിചെയ്യുന്ന അതിനുള്ളത് ഈ പ്രദേശത്തിൻറെ സവിശേഷതയാണ്. സമുദ്രനിരപ്പിൽ നിന്നും കിലോമീറ്റർ രണ്ടുമീറ്റർ ഇടയിലും 0.6 മീറ്ററിലും മുകളിൽ വരെയാണ് ഈ പ്രദേശത്തിൻറെ ഉയര വ്യത്യാസം സമുദ്രനിരപ്പിനു താഴെയുള്ള പ്രദേശത്ത് കൃഷി ചെയ്യുന്ന ലോകത്തിലെ തന്നെ അപൂർവ്വം പ്രദേശങ്ങളിൽ ഒന്നാണ് ഇവിടം വിനോദസഞ്ചാര കേന്ദ്രവുമാണ് കുട്ടനാട്. നാല് പ്രധാന നദികളായ പമ്പ, മീനച്ചിലാർ, അച്ചൻകോവിലാർ, മണിമലയാർ എന്നിവ കുട്ടനാട്ടിലൂടെ ഒഴുകുന്നു. നെല്ല് , നേന്ത്രക്കാ, കപ്പ, കാച്ചിൽ എന്നിവയാണ് കുട്ടനാട്ടിലെ പ്രധാന കാർഷികവിളകൾ.



ആദിമകാലത്ത് ദ്രാവിഡ രീതിയിൽ എന്നു വിശ്വസിക്കപ്പെടുന്നു ആരാധന സമ്പ്രദായങ്ങൾ നിലനിന്നിരുന്ന ഇടാമായിരുന്നു കുട്ടനാട് . കൊറ്റവൈ എന്ന വനദുർഗ്ഗ ദേവിക് ഇറച്ചിയും കള്ളും നേതിചിരുന്ന രാജാക്കന്മാരെ കുറിച്ചും പ്രത്യേകിച്ചും കുട്ടവനെയും മറ്റും പറ്റി സംഘകാല കൃതികളിൽ വിവരിക്കുന്നതായീ കാണാം. പിന്നീട് ക്രിസ്തു വർഷരംഭത്തിനോട് ആര്യബൗദ്ധ മതങ്ങൾ വന്നതെന്നും വിശ്വസിക്കപ്പെടുന്നു.

ശ്രദ്ധ സജി

# അസ്തമയം



രാത്രി അനുഭവം അവിസ്മരണീയമായ അനുഭവമായിരുന്നു. അതിനുമുമ്പുള്ള സൂര്യാസ്തമയം ആ രാത്രിക്ക് മുമ്പുള്ള സൂര്യാസ്തമയം നിരവധി ഓർമ്മകളും ചിന്തകളും ഉണർത്തും ആയിരുന്നു. കായലിനെ ഓരത്ത് വെള്ളത്തിലേക്ക് കാലും നീട്ടി ഇരിക്കുകയാണ് ഞാൻ. കാലു നീട്ടി ഇരിക്കുകയാണ് പ്രകാശപൂർണമായ ദിനം ലോകത്തിനു സമ്മാനിച്ച് സൂര്യൻ വിശ്രമത്തിന് ഒരുങ്ങുന്നു. ആകാശത്തിൽ പടർന്നു. ലോകത്തെ അന്ധകാരത്തിൽ ആക്കി സൂര്യൻ മാഞ്ഞു. ചുറ്റും ഉരുളാൻ തുടങ്ങി. അതിനുമുൻപ് ലോകം ഉണർന്നിരിക്കുന്നു. മറ്റുള്ളവർക്ക് വണ്ടി വെളിച്ചമേകി ലോകത്തിനോട് ഉള്ള കടമയും ധർമ്മവും നിറമേകി സൂര്യൻ വിടവാങ്ങുന്നു. ഇതൊരു ചക്രം പോലെ വീണ്ടും ആവർത്തിക്കുന്നു. ഇവയ്ക്ക് രണ്ടിനു രണ്ടിനുമിടയിൽ ഉള്ളപ്പോൾ എന്തു പ്രസക്തി. ഉദിക്കുമ്പോഴും അസ്തമിക്കും പോഴും ലോകത്തിന് മനോഹര കാഴ്ചകളും നൽകുന്നു.

ഇരുൾമൂടിയ ആകാശത്തിൽ കായലോരത്ത് കുളിർ കാറ്റു വീശി. ചെറിയ തോണികളിൽ മത്സ്യബന്ധനം നടത്തുന്നവർ, കായൽ ഭംഗി ആസ്വദിക്കാൻ എന്നെപ്പോലുള്ള സ്വദേശികളും വിദേശികളും ആയ ആളുകൾ, രാത്രി രാഗം മൂളുന്ന ജീവികൾ,

പക്ഷികൾ മുതലായവ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. വീടുകളിൽ ഇരുട്ടിനെ കമ്പി മനോഹരം ആകുന്ന ചെറു വെളിച്ചം അതിൻറെ പ്രതിഫലനം തിര തല്ലുന്നു. അങ്ങകലെ നിഴലുകളുടെ ചലനം. ചുറ്റും മിന്നാമിനുങ്ങുകൾ പോലെ വള്ളങ്ങളുടെ മുമ്പിലെ റാന്തൽ. ഓളങ്ങളുടെ അലയടി ശബ്ദം. ഒരു ഓളം തെറിച്ചു പൊങ്ങി എൻറെ പാദങ്ങൾ നനച്ചു. ചിന്തകളിൽ നിന്നും ഞാൻ ഞെട്ടിയുണർന്നു

ശ്രീലക്ഷ്മി എസ്

---

# അവളെ കണ്ടു



ഞാൻ കാത്തിരുന്ന ആ ദിവസം ഒരിക്കലും മറക്കില്ല കാരണം അന്ന് മെയ് 2007 അന്നാണ് ഞാൻ ജനിച്ചത് 2012 മെയ് 29 എത്തി എൻറെയും എൻറെ സഹോദരിയുടെയും പിറന്നാൾ ദിനം എനിക്ക് 5  തികയുന്ന അന്ന് തന്നെയാണ് എൻറെ കുഞ്ഞനിയത്തി ജനിച്ചത് ഞങ്ങൾ   3 പെൺകുട്ടികളും ജനിച്ചത് അതൊന്നും മെയ് 29 നാണ് 2012 മെയ് 29 ലേക്ക് പോകുമ്പോൾ,  മാമിയുമായി  ആശുപത്രിയിൽ ചെന്നു. തിടുക്കം ആയിരുന്നു എൻറെ മനസ്സിൽ, എങ്ങനെയായിരിക്കും കുഞ്ഞുവാവ എന്ന  നേഷം ആയി ലേബർ റൂമിൽ ചെന്നു. വാവച്ചി ചെറിയ baby ബെഡിൽ കിടക്കുന്നു, സൂര്യാസ്തമയം കണ്ടിട്ട് അവളെ കണ്ടു ഞാൻ അപ്പോൾ കുഞ്ഞു വോ എന്നെ നോക്കിയത് കണ്ണുരുട്ടി ആണ്. ഞാൻ ചിരിച്ചുകൊണ്ട് കുഞ്ഞുകൈകളിൽ കയറി പിടിച്ചു അവൾ എൻറെ കയ്യിൽ കയറി പിടിച്ചു അവൾ എൻറെ കയ്യിൽ സൂര്യൻ മുറുക്കിപ്പിടിച്ച ഇപ്പോഴും അവൾ എൻറെ മുറുകെപ്പിടിച്ച് നടക്കുന്നു. ഈ നിമിഷം ഞാൻ ഒരിക്കലും മറക്കില്ല

ഗംഗാ മോനിച്ചൻ

# പഴഞ്ചൊല്ലുകൾ

- ഉപ്പും തിന്നവൻ വെള്ളം കുടിക്കും
- ചങ്ങാതി നന്നായൽ കണ്ണാടി വേണ്ട
- ആന കൊടുത്താലും ആശ കൊടുക്കരുത്
- ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച
- കുരയ്ക്കും പട്ടി കടിക്കില്ല
- അങ്ങാടിയിൽ തോറ്റന് അമ്മയോട്
- കിട്ടാത്ത മുന്തിരി പുളിക്കും
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- മുറ്റത്തെ മുല്ലക്ക് മണമില്ല
- പണത്തിനു മീതെ പരുന്തും പറക്കില്ല
- കാണാം വിറ്റും ഓണം ഉണ്ണണം
- അടിതെറ്റിയാൽ ആനയും വീഴും
- കുന്തം പോയാൽ കുടത്തിലും തപ്പണം
- കാക്കയ്ക്കും തൻ കുഞ്ഞു പൊൻകുഞ്ഞ്
- മടിയൻ മല ചുമക്കും
- ഒരു മയുണ്ടങ്കൽ ഉലക്കമേലും കിടക്കാം
- കഥയിൽ ചോദ്യമില്ല
- കാക്ക കുളിച്ചാൽ കൊക്കാവില്ല

- ഐക്യമത്യം മഹാബലം
- ഒരു വെടിക്ക് രണ്ട് പക്ഷി
- കാര്യം കാണാൻ കഴുതക്കാലും പിടിക്കണം
- കരയുന്ന കുഞ്ഞിനെ പാലുള്ളൂ
- സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട
- എലിയെ തോൽപ്പിക്കാൻ ഇല്ലം ചുടുക
- മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ട് പോയി

---

അനാമിക . ബി

# മഹാത്മാഗാന്ധി



- മനുഷ്യനെ വിനയസമ്പന്നനാക്കുന്ന ഉപാധിയാണ് സത്യാഗ്രഹം
- വിശപ്പകറ്റാനല്ലാതെ ഒരുരസത്തിനുവേണ്ടി ഭക്ഷണം കഴിക്കാനുഗഹിക്കുന്നത് രോഗത്തിൻ്റെ സുചനയാണ്
- അഹിംസ ഉപദേശിക്കുവാനുള്ളതല്ല,പരിശീലിക്കാനനുള്ളതാണ്
- ചൂഷണം ഹിംസയുടെ കലയാണ്
- പ്രതീഫലത്തിനുവേണ്ടിമാതംദേഹധ്യാനംചെയ്യുന്നമസ്ഥലത്ത്ജോലിക്കാർ മന്ദബുന്ധികളും ഉദാസീനരുമായിരിക്കും
- ധനംമനുഷ്യനെനിസ്സഹായനാക്കുന്നു
- ശരിയായി നയിച്ച ജീവിതം പുസ്തകങ്ങളേക്കാൾ മെച്ചമാണ്
- ജോലിചെയ്യാനുള്ളവൈമനസ്യം വലിയ ദോഷമാണ്
- സേവനമാണ് എൻ്റെ മതം
- സാർത്ഥസ്പർശം തെല്ലുമില്ലാത്ത സേവനം തന്നെയാണ് മഹത്തായ മതം
- അവിരാമവും നിസ്വാർത്ഥവുമായ കർമ്മമാണ് പ്രാർത്ഥന
- ശ്രമത്തിലാണ്,ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉള്ളവരാകുന്നത് സമ്പൂർണ വിജയമാകുന്നു
- ഓരോ വീടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ
- നിങ്ങൾ മനുഷ്യനാക്കുന്നത് കൊണ്ട് മാത്രം വലിയൻ ആകുന്നില്ല മനുഷ്യത്വമുള്ളവർ ആകുമ്പോഴാണ് വലിയ നാക്കുന്നത്

- അഹിംസാ എന്നത് ഇഷ്ടത്തിനൊത്ത് ഇടാനും ഊരാനും കഴിയുന്ന ഒരു വസ്തുമല്ല. അതിന് ഹൃദയത്തിലാണ് സ്ഥാനം. അത് നമ്മുടെ വ്യക്തിത്വ ത്തിൻറെ അവകാശ കടകം ആയിരിക്കും
- ദേഷ്യം അഹിംസയുടെ ശത്രുവാണ് അഹങ്കാരം എന്നത് അതിന് വിഴുങ്ങുന്ന സത്യവും

<u>അനാമിക</u>


LORD KRISHNA
7
Adithyan·S

# ജനനിതൻ മാധുര്യം

എൻറെ ജീവിതത്തിൽ ഏറ്റവും അധികം ആഗ്രഹിച്ചിട്ട് ഉള്ളതും മതിമറന്നു ലയിച്ചും പോയതും ഒരു നിമിഷത്തിലാണ്. അതിൻറെ ഗന്ധം ഒരു രാത്രി ഞാൻ അനുഭവിച്ചു. എന്നിരുന്നാലും ഞാൻ വീണ്ടും വീണ്ടും ആഗ്രഹിക്കുന്നു. അത് കുഞ്ഞുങ്ങളെ ഉറക്കാനായി അമ്മമാർ പാടുന്ന താരാട്ട് പാട്ടാണ്. എനിക്ക് ഒരു അനുജത്തി ഉണ്ട് . അവൾ കൊച്ച് ആയിരുന്നപ്പോൾ അമ്മ അവളെ ഉറക്കാനായി ഒരു താരാട്ടു പാട്ടു പാടി. ശരിക്കും നമ്മൾ ഒരു സ്വപ്നലോകത്തേക്ക് പോവുകയും പെടുന്നനെ മയങ്ങുകയും ചെയ്യും. അത് അനുഭവിക്കാത്തവർ ശരിക്കും അമ്മയുടെ സ്നേഹം അറിഞ്ഞിട്ടില്ല. അമ്മയുടെ സ്നേഹം അറിയണമെങ്കിൽ ഒരു നിമിഷം അത് ഒന്ന് അനുഭവിക്കണം. അത് അനുഭവിക്കാത്തവർ എന്തു കുഞ്ഞുങ്ങൾ ആവാനാണ്. അമ്മയുടെ താരാട്ടു പാട്ടിൻെറ ഒരു വരിയെങ്കിലും കേട്ടിട്ടുണ്ട് എങ്കിൽ ഈ ലോകത്ത് നമ്മളെ സംബന്ധിച്ച് വലിയ ഭാഗ്യമാണ്. ചിലർക്ക് ഇത് അനുഭവിക്കാതെയും വന്നിട്ടുണ്ട്. അവർ ഒന്ന് ആഗ്രഹിക്കുക യാണ് ഇതിനുവേണ്ടി .



ഗൗരി മോനിച്ചൻ

# ജീവചരിത്രം
# പി കുഞ്ഞിരാമൻ നായർ ***(1906-1978)***



കവിതയും ഗദ്യവും ഉൾപ്പെടെ എൺപതിലേറെ കൃതികൾ മലയാളത്തിന് സമ്മാനിച്ച കവി കാഞ്ഞങ്ങാടിനടുത്ത് ഉള്ള വെള്ളിക്കോത്ത് ഗ്രാമത്തിൽ 1906 ജനിച്ചു കാഞ്ഞങ്ങാട് സംസ്കൃത സ്കൂളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു പതിനാലാം വയസ്സിൽ രചിച്ച പ്രകൃതി ഗീതം ആണ് ആദ്യത്തെ കവിത അന്തിത്തിരി കളിയച്ചൻ താമര ത്തെ താമരത്തോണി പാതി പൂവും പൂക്കളം മണിവീണ മൺ കുടത്തിലെ വില മലനാട് വയൽ കരയിൽ വസന്തോത്സവം സൗന്ദര്യദേവത വിചാര വിഹാരം എന്നിവ മറ്റ് പ്രധാന കൃതികൾ കവിയുടെ കാൽപ്പാടുകൾ എന്നെ തിരയുന്ന ഞാൻ നിത്യകന്യകയെത്തേടി ഇവ മറ്റ പ്രധാന കൃതികൾ കവിയുടെ കാൽപ്പാടുകൾ തിരുത്ത് ഞാൻ നിത്യകന്യകയെത്തേടി എന്നിവ പി കുഞ്ഞിരാമൻ നായരുടെ ആത്മ കരമായ രചനകളാണ് താമരത്തോണി എന്നീ കൃതിക്ക് 1968 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡും കളിയച്ഛൻ എന്ന കൃതിക്ക് 1995-ലെ കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട് 1978 നിര്യാതനായി

.

## ***രാമപുരത്ത് വാര്യർ***



കുചേലവൃത്തം വഞ്ചിപ്പാട്ട്  കുചേലവൃത്തം എന്ന ഒറ്റ കാവ്യത്തിലൂടെ   മലയാള സാഹിത്യലോകത്ത് അനശ്വരനായ കവിയാണ് രാമപുരത്ത് വാര്യർ. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ രാമപുരത്തെ ഒരു ദരിദ്ര കുടുംബത്തിലാണ്  വാര്യരുടെ ജനനം സാധാരണക്കാർക്ക് പരിചിതമായ വഞ്ചിപ്പാട്ടിനെ ഈണം സ്വീകരിക്കുകയും ദാരിദ്ര്യം പ്രമേയം ആക്കുകയും ചെയ്തുകൊണ്ടാണ് രാമപുരത്ത് വാര്യർ  കുചേലവൃത്തം വഞ്ചിപ്പാട്ട് രചിച്ചത്   ദാരിദ്ര്യം

പ്രമേയമാക്കി മലയാളത്തിലുണ്ടായ ആദ്യ കവി കൂടിയാണ്   രാമപുരത്ത് വാര്യരുടെ ജീവിതകാലം പതിനെട്ടാം നൂറ്റാണ്ട്     ഭക്തി നിറഞ്ഞ പുരാണ കഥയുടെ ഒരു മനോഹര കാവ്യ

***അനഘ***

# ആദൃശ്യ സ്നേഹം

എതിർദിശയിൽ അമ്മ എന്നെ മനപ്പൂർവ്വം താമസിപ്പിച്ച യാത്ര ആക്കുകയാണല്ലോ. എന്നാൽ അയാളുടെ അമ്മ ഒന്നും മിണ്ടിയില്ല. തിരക്കിട്ടയാൾ വീട്ടിൽ നിന്നിറങ്ങി. സമയം ഏറെ വൈകി. യാത്രയയക്കാൻ അമ്മ വീടിനു മുൻപിൽ ഉണ്ടായിരുന്നു. നരച്ച സാരിയും പാറിപ്പറന്ന മുടിയും വിളറിയ കാലുകളെ ചുറ്റി പറക്കുന്ന വിണ്ടുകീറലുകളും അത് അയാൾക്കു ഒരശകുന്ന അന്തരീക്ഷം പോലെ തോന്നി. അവിടെനിന്ന് കാർ പായിച്ചു. അങ്ങനെ കപ്പത തുറമുഖ ത്തിലേക്ക് മൂന്നു കിലോമീറ്റർ കൂടി സഞ്ചരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ചീറിപ്പായുന്ന ആംബുലൻസിൻെറ ശബ്ദം. അയാൾക്കൊരു ഫോൺ കോൾ വന്നു. അയാളുടെ അമ്മ വഴുതി വീണ് തലയ്ക്കു പരിക്കുണ്ട്. തൻെറ യാത്ര മുടങ്ങിയതിൽ ഉള്ള അമർഷത്തോടെ യും വിങ്ങിപ്പൊട്ടുന്ന മനസ്സോടെയും അയാൾ തൻെറ യാത്ര പകുതി വെച്ച നിർത്തി തിരികെ ആശുപത്രിയിൽ പോയി. അവിടെ ചെന്നപ്പോൾ അമ്മയുടെ ചുളിവു വീണ മുഖത്ത് വിഷാദം അയാൾ കണ്ടു. ചോര വാർക്കുന്ന മുഖം അയാൾക്ക് സങ്കടം അടക്കാൻ കഴിഞ്ഞില്ല.

തൻെറ അമ്മയുടെ അടുത്തേക്ക് അയാൾ ചെന്നു. അവർ വീക്ക് ത്തിലാണ്. അങ്ങനെ രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു. രാവിലത്തെ പാത്രവുമായി അയാൾ ഇരുന്നു. കൈയിൽ പിടിച്ചിരിക്കുന്നത് അല്ലാതെ അതൊന്ന് തുറക്കാൻ പോലും അയാൾ മുതിർന്നില്ല. താൻ ഏറെ ആഗ്രഹിച്ചിരുന്നത് അയാളുടെ ദുരിതങ്ങളുടെ കറ തുടച്ചു കളയേണ്ടത് ആയിരുന്ന ആ ജോലി കൈവിട്ടുപോയി. അവിടെയും അയാൾ അമ്മയെ പഴിച്ചു . അയാൾ പത്രം വായിക്കാൻ തുടങ്ങി. പെട്ടന്ന് കുറ്റബോധത്തോടെ ഇരുന്നു. അന്നയാൾ പോകാനിരുന്ന കപ്പൽ ഒരാൾ പോലും അവശേഷിക്കാതെ മുങ്ങിത്താണു. അയാൾ ആദ്യമായി അയാളുടെ അമ്മയെ കുറ്റബോധത്തോടെ നോക്കി. അയാൾ

ഓർത്തു താൻ അമ്മയുടെ കുറവുകൾ മാത്രമാണ് കണ്ടിരുന്നത്. അമ്മ തനിക്കായി ചെയ്തതൊന്നും കണ്ടഭാവം നടിച്ചില്ല. കീറിയതും പഴയതുമായ തുണികളോ ട്ട കൂടി അമ്മ യാത്ര അയയ്ക്കാനും വന്നപ്പോൾ അയാൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നത് മാത്രം കണ്ടില്ല. ജനാല അഴികൾക്കിടയിലൂടെ രാത്രിയുടെ മാധുര്യ ത്തെ നുകരാൻ കഴിയാതെ അയാൾ കിടന്നു. രാത്രി ഇനിയും തീരുന്നില്ല താൻ എത്ര നേരമായി ഇങ്ങനെ നോക്കിയിരുന്നു എന്നയാൾക്ക് തോന്നി. അയാൾ കണ്ണുകൾ മെല്ലെ അടച്ചു എന്നാൽ മനസ്സിനെ അടക്കാൻ സാധിച്ചില്ല. കടലിനു താഴെ അമ്മ ഇരിക്കുന്നു ഉണ്ടെന്ന് അയൾ അച്ച വിശ്വസിച്ചു. താൻ ഉറങ്ങാതെ ഇരുന്നത് അമ്മ അറിയുന്നത് പോലുമില്ലെന്ന് അയാൾ ഓർത്തു. ദുരിതജീവിതത്തിന് ഒരു അവസാനം കാണാൻ അയാൾ നാളെ വിദേശത്തേക്കു പോവുകയാണ്. ഒരു സുഹൃത്തിൻറെ സഹായത്തോടെയാണ് ഈ യാത്ര. പഠിത്തം അവസാനിപ്പിച്ചിട്ട് മൂന്നുവർഷം കഴിഞ്ഞു ഇതുവരെ അമ്മ ഒരു ജോലിക്കും വിട്ടില്ല. അതിന് പ്രാപ്തൻ ആയിട്ടില്ല എന്നായിരുന്നു അമ്മയുടെ മറുപടി. ഈ ജോലിക്കും അമ്മ വിസമ്മത യാണ്. പക്ഷേ ജീവിക്കാൻ മറ്റു മാർഗം ഇല്ലാതായപ്പോൾ അയാളുടെ ആജ്ഞ എന്നുപറയാവുന്ന ആ തീരുമാനത്തെ ലംഘിച്ച് അയാൾ ജോലിക്ക് പോകുവാൻ തയ്യാറായി. കപ്പലിലാണ് യാത്ര. അമ്മയെ ഒറ്റയ്ക്കാക്കി പോകുന്നതിനുള്ള ദുഃഖം അയാൾക്ക് ഉണ്ട് പക്ഷേ തന്നെ കാർന്നു തിന്നുന്ന പല പ്രശ്നങ്ങളും ഓർത്താൽ അതിനൊന്നും കാര്യമില്ലെന്ന് അയാൾ വിശ്വസിച്ചു. ഇങ്ങനെ പലതും ഓർത്തു അയാൾ എപ്പോഴോ ഉറങ്ങി.

രാവിലെ അമ്മയാണ് വിളിച്ചു വിളിച്ചുണർത്തിയത്. 11.30-ന് ആണ് കപ്പൽ പുറപ്പെടുന്നത്. ഇപ്പോൾതന്നെ 9 മണി കഴിഞ്ഞു. ഒരു മണിക്കൂർ യാത്ര കൊണ്ടു വേണം അവിടെയെത്താൻ. സമയം ആകെ കടന്നുപോയി. അമ്മ താമസിച്ചു തന്നെ ഉയർത്തിയതിന് അയാൾ അമ്മയെ വാതോരാതെ പറഞ്ഞു. സമയം എങ്ങോട്ടെന്നില്ലാതെ പാഞ്ഞു. എല്ലാ തയ്യാറെടുപ്പുകളും വന്നപ്പോൾ സമയം 10.15 .

*പുറപ്പെടാൻ നേരം അമ്മയെ കാണുന്നില്ല സമയം വല്ലാതെ വൈകി. പത്തരയോടെ അടുത്തപ്പോൾ അമ്മ വാഴയിലയും വെട്ടി വാട്ടികൊണ്ട് വരുന്നു. പൊതിച്ചോറ് എടുക്കാൻ അയാൾ അമറുന്ന ശബ്ദത്തോടെ പറഞ്ഞു*

*" അമ്മയുടെ ആഗ്രഹം എനിക്ക് മനസ്സിലായി ഞാൻ അമ്മയുടെ തീരുമാനത്തെ രാത്രിയിൽ താൻ അറിയാതെയെങ്കിലും ഉറങ്ങിയല്ലോ എന്നാൽ രാത്രിയുടെ ഇരുട്ടി നേക്കാൾ ദൈർഘ്യമുള്ള അമ്മയുടെ സങ്കടങ്ങൾ അമ്മയെ ഉറങ്ങാൻ അനുവദിച്ചില്ല. തന്നെ താമസിച്ച ഉണർത്തിയത് അല്ല രാത്രിയിൽ വൈകി ഉറങ്ങിയ താൻ ഉറക്കം ക്ഷീണത്താൽ അമ്മ പലവട്ടം വിളിച്ചപ്പോൾ ഉണർന്നില്ല എന്നയാൾ ഓർത്തു. യാത്രയയക്കാൻ നേരം താമസിച്ച എത്തിയ അമ്മയുടെ കൈകളിൽ തനിക്ക് നൽകാനുള്ള പൊതിച്ചോറിനുള്ള*

*വാഴയിലയായിരുന്നു എന്നും ആ പൊതിയിൽ. നിറയെ സ്നേഹമായിരുന്നു എന്നും തൻറെ മകന് നൽകാനുള്ള അവസാനത്തെ പൊതിച്ചോറിൻ തന്ത്രമായിരുന്നു എന്നയാൾ ഓർത്തില്ല. അങ്ങനെ അമ്മയെ താൻ പഴിക്കുമ്പോൾ എല്ലാം അമ്മ തന്നിരുന്ന സ്നേഹത്തിൻറെ മറ അയാൾ കണ്ടില്ല. എന്നും തനിക്ക് നന്മ മാത്രം ചൊരിഞ്ഞ അമ്മയ്ക്കും തനിക്കും ചെയ്തത് നന്മ മാത്രമാണ് എന്നറിഞ്ഞപ്പോൾ അയാൾ അറിയാതെ കണ്ണുകളിൽ നിന്ന് ചോര പോലെ സ്നേഹത്തിൻെറയും കുറ്റബോധത്തിൻെറയും കണങ്ങൾ ഒത്തുചേർന്നൊഴികി......... അതിലൂടെ അമ്മയോടുള്ള പല ദേഷ്യങ്ങളും ഒഴുകി മാറി.*

*മീനാക്ഷി*

# കൂട്ടുകാരുമൊത്ത്



കൂട്ടുകാരുമൊത്ത് ആ പടിവാതിൽക്കൽ നിൽക്കാം
ആഘോഷിക്കാം,ആനന്ദിക്കാം,എന്തും
പ  വയ്ക്കാം,ആ സ്കൂളിൽ ചെന്നു പഠിക്കാം (2)

കൂട്ടുകാരുമൊത്ത് ആ പടിവാതിൽക്കൽ  നിൽക്കാം
കഥയും, പാട്ടും,  പാടി  ആഘോഷിച്ചു  പഠിക്കാം
ആനന്ദിച്ചു  രസിക്കാം.

കുട്ടുകാരുമൊത്ത് ആ പടിവാതിൽക്കൽ നിൽക്കാം
അക്ഷരപൂവിൽനിന്നു വിദ്യാതേൻ നുകർന്നീടാം
അധ്യാപകരിൽ നിന്നും ആദ്യം നല്ലതുപഠിച്ചീടാം


കൂട്ടുകാരുമൊത്ത് ആ പടിവാതിൽക്കൽ  നിൽക്കാം
മൽസരങ്ങളിൽ  ചേരാം വിജയമിന്നാഘോഷം,
പരാജയമായാലെന്ത്  വിജയത്തിൻ മുന്നോടി.

കുട്ടുകാരുമൊത്ത് സന്തോഷിക്കാം,എന്നും,എന്നും
എപ്പോഴും ലാലലലാലാലാ (2)

കുട്ടുകാരുമൊത്ത് ആ പടിവാതിൽക്കൽ നിൽക്കാം
ആഘോഷിക്കാം  ആനന്ദിക്കാം,എന്തും

# മഹാത്മാഗാന്ധി

ഗുജറാത്തിലെ പോർബന്തറിൽ 1869 ഒക്ടോബർ രണ്ടിന് ജനിച്ചു. അച്ഛൻ കരംചന്ദ് ഗാന്ധി( കാബാ ഗാന്ധി) അമ്മ പുത്ലീഭായി. മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്നു പൂർണ്ണമായ പേര്. ഇന്ത്യയിലെ പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം നിയമം പഠിക്കാനായി. ഇംഗ്ലണ്ടിലേക്ക് പോയി1891 ൽ ഇന്ത്യയിൽ തിരിച്ചെത്തി കോടതിയിൽ വക്കീലായി ഒരു കേസിനോട് അനുബന്ധിച്ച് ഗാന്ധിജി ദക്ഷിണാഫ്രിക്കയിലേക്ക് പോയി ദക്ഷിണാഫ്രിക്കയിലെ ഏഷ്യൻ വംശജർക്ക് നേരിടേണ്ടിവന്ന അനീതികൾ എതിരെയുള്ള




പോരാട്ടമായിരുന്നു. ഗാന്ധിജിയുടെ രാഷ്ട്രീയ ജീവിതത്തിനു തുടക്കമിട്ടത്.1915. ൽ ഇദ്ദേഹം. ഇന്ത്യയിൽ തിരിച്ചെത്തി ദേശീയ സ്വാതന്ത്ര്യത്തിന് നേതൃത്വം ഏറ്റെടുത്തു. ഏറ്റെടുത്തു തീണ്ടലും തൊടിയിലും ദൈവത്തിനും മനുഷ്യനും എതിരെ പാപമാണെന്ന് ഗാന്ധിജി പഠിപ്പിച്ചു." എൻറെ ഊട്ടി സത്യാന്വേഷണ പരീക്ഷണകഥ" അദ്ദേഹത്തിൻറെ ആത്മകഥയാണ്.1946 ജനുവരി 30 ന് നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ മരിച്ചു.

**നയന**

# മിഠായി കിട്ടി

ഒരു ദിവസം ഒരു കൂട്ടം ഉറുമ്പുകൾ തീറ്റതേടി നടക്കുകയായിരുന്നു . അങ്ങനെ നടക്കുമ്പോൾ ഒരു പ്ലാവിലയിൽ ഒരു മിഠായികഷണം കണ്ടു. അപ്പോൾ ഉണ്ണിയുറുമ്പ് പറഞ്ഞു.

'കണ്ടോ കണ്ടോ മുട്ടായി , കൊതിതോന്നുന്നൊരു
മുട്ടായി ,മെല്ലെയെടുത്തു നടക്കേണം,
മാളത്തിൽ
ചെന്നെത്തേണം."



അപ്പോൾ കണ്ണനുറുമ്പ് പറഞ്ഞു.'ഞാൻ ഇത് തനിയെ എടുത്ത് മാളത്തിലെത്തിക്കുമല്ലോ." അവൻ മിഠായിക്കഷണം ഉയർത്താൻ നോക്കി. " ഹമ്മേ ,നല്ലഭാരം!" അവൻ മാറിനിന്നു . അപ്പോൾ കിട്ടനുറുമ്പും കുട്ടനുറുമ്പും മിഠായി ഉയർത്താൻ നോക്കി ,പക്ഷേ കഴിഞ്ഞില്ല . അപ്പോൾ ഉണ്ണിയുറുമ്പ് പറഞ്ഞു .'ചങ്ങാതി മാരേ ,വൈകിയാൽ മിഠായി വല്ലവരും കൊണ്ടു പോകും .കണ്ടില്ലേ മിഠായി കിടക്കുന്നത്. ഒരു പ്ലാവിലയിലാ. നമ്മുക്ക് ഒന്നിച്ച് ആ പ്ലാവില ഉയർത്തിക്കൊണ്ടു പോകാം .അപ്പോൾ മിഠായിയും മാള ത്തിനുമുൻപിലെത്തും."

'ഹായ് നല്ല സൂത്രം.'ഉറുമ്പുകൾ ഒന്നിച്ചു പറഞ്ഞു.അവർ പ്ലാവില ക്കു് ചുറ്റം നിന്നു.പിന്നെ ഒരു ബുദ്ധിമുട്ടുമില്ലാതെ അതുയർത്തി മാളത്തിനുമുൻപിൽ എത്തിച്ചു.അങ്ങനെ മിഠായിക്കഷണവും മുൻ പിലെത്തി.വേണ്ടത്ര മിഠായി തിന്ന ഉറുമ്പുകൾ തുള്ളിച്ചാടി പാട്ടും തുടങ്ങി.'നാമെല്ലാരും കൂടുമ്പോൾ
നന്നായി ജോലികൾ ചെയ്യുമ്പോളെ
ല്ലാവർക്കും സന്തോഷം എങ്ങും
തങ്ങിടും ആഹ്ലാദം."...........

ആദിത്യ.പി .രമേശ്

## *നാലു തോണി ആഴക്കടലിൽ*

അഴിമതിയിലും അരാജക കഥയിലും മുങ്ങിക്കിടക്കുന്ന നാട്! കുന്നിന്മേൽ കുരു കണക്കേ ഒരുകണക്കിന് കപ്പ കുടിശ്ശിക ഉടൻ അടച്ചു തീർക്കണമെന്ന്കമ്പനിക്കാർ ശാഠ്യം പിടിച്ചു. തോണി ആഴക്കടലിൽ തീരം കാണാമറയത്ത്. എന്നാൽ തോണിക്കാരൻ കുലുങ്ങിയില്ല. ക്രൂസൽ അറ്റ് മുന്നോട്ട് തന്നെ തുഴഞ്ഞു. ദളവ സ്വന്തം പീഠത്തിൽ നിന്ന് എഴുന്നേറ്റു. പതറാത്ത കാലടികൾ മുന്നോട്ടുവെച്ചു പുറത്തേക്ക് നീങ്ങി. വെളുത്ത




അറബി കുതിര സ്വന്തം യജമാനൻ റെ വരവും കാത്ത് അവിടെ നിൽപ്പുണ്ടായിരുന്നു. ഒറ്റ കുതിര ദളവ കുതിരപ്പുറത്ത്! അറബി കുതിര വായുവേഗത്തിൽ മുന്നോട്ടു പാഞ്ഞു. രാജ്യത്തെ ഭൂമി മുഴുവൻ അളന്നു തിട്ടപ്പെടുത്തി. ഓരോ തുണ്ടു ഭൂമിയും കൃത്യമായ നികുതി നിർണയിക്കപ്പെട്ടു. കേട്ടറിവോ ഊഹാപോഹംവെച്ചിട്ടില്ല. സംഭവസ്ഥലത്തെത്തി കൃത്യമായ നിരീക്ഷണത്തിനു ശേഷം ഓരോന്നിനും അതിൻറെ ഉല്പാദനശേഷി ക്കനുസരിച്ച് നികുതി ചുമത്തപ്പെട്ടു. എന്നാൽ ചുമത്തപ്പെട്ട നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ അയവോ അഴിമതിയോ കടന്നു കൂടുവാനുള്ള പഴുതുകൾ പൂർണ്ണമായി അടയ്ക്കപ്പെട്ടു. സർക്കാർ ഖജനാവിനെ പാപ്പരത്തം അമ്പേപമ്പകടന്നു! കമ്പനിക്കാരുടെ കപ്പ കുടിശ്ശിക മുഴുവൻ അടച്ചു തീർത്തു. പ്രജാക്ഷേമത്തിനായി പുതിയപദ്ധതികൾക്ക് തുടക്കം കുറിച്ചു. പുതിയ കടകമ്പോളങ്ങൾ തുറക്കപ്പെട്ടു. പുത്തൻ പാതകളും രാജ വീഥികളും നിലവിൽ വന്നു. തുറമുഖങ്ങൾ പരിഷ്കരിക്കപ്പെട്ടു. ദളവാ സ്വന്തം ആസ്ഥാനത്ത് ഓടുന്ന ശീല ക്കാരൻ ആയിരുന്നില്ല.വിവിധ ജില്ലകളിൽ മാറിമാറി സഞ്ചരിച്ച് ഭരണനടത്തിപ്പുമായി നേരിട്ട് വേലുത്തമ്പി മോചനത്തിൻെ്റ കാഹളം സബർക്കം പുലർത്തിപ്പോന്നു.

*ഗൗതം കൃഷ്ണ*

# ഓർമ്മയിലെ കിനാവുകൾ

ആ രാത്രി മറക്കാനാവാത്ത ഒരു അനുഭവമാണ് വൈകുന്നേരം ആകുമ്പോഴുള്ള സൂര്യ ആസ്തമയും പുഴകളിൽ നിറഞ്ഞുനിൽക്കുന്ന സൂര്യൻറെ ചെൻ നിറവുമാണ് കളിൽ പുഴകളിൽ കാണുന്നത് പുഴകളിലെ ഓളങ്ങളിൽ ചിന്നിച്ചിതറുന്ന സൂര്യൻ മനോഹരം ആണിത് ഇരുട്ട് തോറും വേമ്പനാട്ടുകായലിലെ കാറ്റ് ഓളപ്പരപ്പുകൾ ഒരിക്കലും മായാത്ത കാഴ്ചയാണ് നമ്മക്ക് ഓരോരുത്തർക്കും അറിയാവുന്നതാണ് നമ്മുടെ സ്ഥലം നമ്മുടെ വേമ്പനാട്ട് കായലിനു ഭംഗി അതൊന്നു വേറെ തന്നെയാണ് ഞാൻ എൻറെ വീടിൻറെ പടികളിൽ ഇരുന്നു സൂര്യനെയും വേമ്പനാട്ട് കായലിനു നോക്കുന്നു ഒരു അനുഭവമാണ് ഞാൻ നിങ്ങളോട് പറയുന്നത് കൂട്ടുകാരെ നിങ്ങൾ എല്ലാവരും സൂര്യാസ്തമയം കണ്ടിട്ടുണ്ടാവും അല്ലോ ആ ദൃശ്യം കാണാൻ വളരെ മനോഹരമാണ് സൂര്യൻറെ ചെന്നിറം ആകാശത്തു പടർന്നാൽ നമ്മൾ എല്ലാം പറയുന്നത് ചെമ്മാനം എന്നാണ് നമ്മുടെ വേമ്പനാട്ടുകായലിലെ ഭംഗിയെക്കുറിച്ച് പറയേണ്ട കാര്യമില്ലല്ലോ വേമ്പനാട്ടുകായലിലെ ഓളങ്ങളിൽ ചാഞ്ഞും ചരിഞ്ഞും കളിക്കുന്ന വള്ളങ്ങൾ കാണാൻ എന്തു രസമാണ് വേമ്പനാട്ടു കായലിലേക്ക് നോക്കുമ്പോൾ കാറ്റിൻറെ



ശക്തിയിൽ ഓളങ്ങളിനെ ആടി കളിക്കുന്നതായി എനിക്കു തോന്നും.ഈ അനുഭവം ഞാൻ ഒരിക്കലും മറക്കില്ല ആ കാഴ്ചയിൽ ഞാൻ സ്വയം മറന്നു പോയി

*സ്നേഹ*

# <u>ഓർമ്മയുടെ തിളക്കം</u>

ആദ്യമായാണ് ഞാൻ തിരുവല്ലയിലേക്ക് പോകുന്നത്.അവിടം എങ്ങനെയായിരുന്നു എന്ന് എനിക്ക് അറിയില്ലായിരിന്നു അതിനാൽ ആകാംഷയോടെയായിരുന്നു എൻെറ യാത്ര.പോകുന്ന വഴിയിൽ എൻെറ മനസ്സുകവർന്ന ഒരു കാഴ്ചയായിരുന്നു പച്ചപ്പുവിരിച്ച പാടങ്ങൾ.പാടത്തിൻെറ നടുവിലായ് കുറേ വീടുകൾ ഉണ്ടായിരുന്നു. എന്നാൽ വീടുകൾ കാണണമെ ൽ സൂക്ഷ്മമായി നിരീക്ഷിക്കണം.കാരണം വീടുകൾക്ക് ചുറ്റും വലയം പോലെ മരങ്ങൾ നിൽക്കുകയാണ്. അതിനുശേഷമുള്ള യാത്ര ഒരു ഇടവഴിയിലൂടെ ആയിരുന്നു.പോകുന്ന വഴിയിൽ ഒരു ചെറിയ തോട് ഉണ്ടായിരുന്നു. അവിടെ എല്ലാവരും ധൃതിയിൽ തുണി അലക്കുകയും വലയിടുകയുമായിരുന്നു.



തിരുവല്ലയിൽ ചെന്നിട്ട് തിരിച്ച് വരുമ്പോഴും ആ പാടം കാണാനായിരുന്നു എൻെറ മനസ്സ് ആഗ്രഹിച്ചിരുന്നത്. കാരണം രാവിലെ ആ പാടം കാണാൻ അതിമനോഹരമായിരുന്നു. രാവിലെ പാടത്ത് മഞ്ഞുതുള്ളികൾ ആ പുല്ലിൻെറ മുകളിൽ റാണിയുടെ കിരീടം പോലെ തിളങ്ങി
നിൽക്കും. സൂര്യൻെറ കിരണങ്ങൾ ആ തുള്ളിയിൽ പതിക്കുമ്പോൾ അതിമനോഹരമായി തോന്നും.അങ്ങനെ ഞാൻ ആ യാത്ര അതിമനോഹരമായി അവസാനിച്ചു.എൻെറ ഓർമകളിൽ പുതിയൊരോർമ്മയും കൂടി.

*ആരതി.ഡി.എസ്*

<u>പാചകക്കുറിപ്പ്</u>

ആവശ്യമുള്ള സാധനങ്ങൾ

ചക്ക പഴുത്ത് അരിഞ്ഞത് മൂന്നെണ്ണം

തേങ്ങ ഒരു വലിയത് പാല്ല പിഴിയാൻ

പഞ്ചസാര ഒഴുക്ക് ഒരു കപ്പ് 250 ഗ്രാം

ഏലയ്ക്ക നാലെണ്ണം

അരിപ്പൊടി രണ്ട് വലിയ സ്പൂൺ

നെയ്യ് ഒരു വലിയ സ്പൂൺ

<u>തയ്യാറാക്കുന്ന വിധം</u>

തേങ്ങ ഒന്നും രണ്ടും മൂന്നും പാൽ ആയി പിഴിഞ്ഞ് വെക്കുക ചക്ക ചെറുതായി അരിഞ്ഞു മിക്സിയിൽ അടിച്ചെടുക്കുക ഉരുളി അടുപ്പിൽ വെച്ച് ചൂടാകുമ്മ്പോൾ നെയ്യ് ചേർത്ത് നന്നായി വരട്ടുക വെന്തു തുടങ്ങുമ്മ്പോമ്പോൾ ഒന്നാം പാൽ ഒഴിച്ച് തുള്ള പഞ്ചസാരയും ചേർത്തിളക്കി പായസം പരുവം ആകുന്ന വരെ ഇളക്കി അരിപ്പൊടി പാലിൽ കലക്കി ഒഴിക്കുക കട്ടകെട്ടാതെ കുറുകുമ്പോൾ ഒന്നാംപാൽ ചേർത്ത് ഏലക്കയും ചേർത്ത് ഇളക്കി അതിൽ തേങ്ങാക്കൊത്ത് വറുത്ത വിതറുക ചക്ക പാൽപ്പായസം റെഡി

***അഞ്ജന ജിനിൽ***

# പാട്ടിൻറെ പാലാഴി

എനിക്ക് കുട്ടിക്കാലം മുതൽ പാട്ട് ഇഷ്ടമായിരുന്നു. എപ്പോഴും കേൾക്കുകയും കാണുകയും ചെയ്യുമായിരുന്നു. എൻറെ ജീവിതം ചില അവിസ്മരണീയമായ ഓർമ്മകളെ കുറിച്ചാണ് ഞാനിവിടെ പങ്കുവെക്കുന്നത്. ആ മധുരമായാ ഗാനം കേട്ടാൽ മനസ്സും നിറയും. ഗാനം കേൾക്കുമ്പോഴൊക്കെ ഞാൻ ഗാനത്തിൽ അലിഞ്ഞുചേർന്ന പോലെ തോന്നി. എൻറെ ഹൃദയത്തിൽ പതിഞ്ഞ ഒരു സന്തോഷകരമായ ദിവസമാണ്. എൻറെ ജീവിതത്തിലെ സന്തോഷം നിൽക്കുന്നതും ജീവിതത്തിൽ എനിക്ക് ഒരേയൊരു സ്വപ്നം മാത്രം. നല്ല ഒരു പാട്ടുകാരി ആവുക. നിൻറെ ലക്ഷ്യവും സന്തോഷവുമാണ് ഞാൻ പങ്കുവെച്ചത്.




അഞ്ജലിത.ആർ

# പൊടിക്കൈകൾ

•ചോറ് കുഴചോറ് കുഴഞ്ഞുപോകാതിരിക്കൻ

അരി തിളയ്ക്കുമ്പോൾ കലത്തിൽ ഒരു സ്പൂൺ നല്ലെണ്ണ ചേർത്താൽചോറ് കുഴഞ്ഞു

പോവില്ല

•അച്ചാർ കേടാകാതിരിക്കാൻ അച്ചാർ ഭരണിയിൽ പുപ്പൽ
ഉണാകാതിരിക്കാൻകടുകെണ്ണയു
ഉപ്പും ചേർന്ന മിശ്രിതഭരണിയുടെക
പുറത്ത് പുരട്ടിയാൽ മതി
•പെയിന്റ് കളയാൻ : ജനാലകളിൽ പെയിന്റ് അംശം
പറ്റിപ്പിടിച്ചത് നീക്കം ചെയ്യാൻ വിനാഗിരി ചൂടാക്കി പുരട്ടുക
•നിറം നഷ്ട്പ്പെടാതിരിക്കാൻ : ആദ്യം ഉപ്പും ചേർന്ന വെള്ളത്തിലും പിന്നീട് സോപ്പു വെള്ളത്തിലും തിരുമ്മിയെടുത്ത ശേഷം വിനാഗിരി
ചേർത്തവെള്ളത്തിൽമുകക്കിയെടുത്ത് ഉണക്കിയാൽ തുണികളുടെ നിറം നഷ്ട്പ്പെടില്ല
•തയ്യൽ മെഷിന്റെ വേഗത ക്കൂട്ടാൻ-തയ്യൽ മെഷിനുവേഗത കൂട്ടാൻ ആദ്യം പാരഫിൽ എണ്ണയിടുക പിന്നിട് വേഗത്തിൽ പ്രവർത്തിപ്പിക്കുക
•വേപ്പിൻ തണ്ട് ഇട്ട് വെള്ളം തിളപ്പിച്ച് കുടിക്കുന്നത് ശരീരത്തിന് നല്ലതാണ്
•ദഹനക്കേടിന് - ദഹനക്കേടിന് ജീരകം ഉത്തമ ഔഷധമാണ്
•തൊണ്ടനീര്, തൊണ്ടയടപ്പ് - തൊണ്ടയടപ്പിന് ഏലയ്ക്കായിട്ടു തിളപ്പിച്ച വെള്ളം കവിളിൽ കൊള്ളുക
•പൊള്ളലിന് - പൊള്ളലിനും, മുറിലവിനും മഞ്ഞൾ ഉപയോഗിക്കാം

അഞ്ജനമോൾ ഷാജി

# പൊടിക്കൈകൾ

•ചോറ് കുഴചോറ് കുഴഞ്ഞുപോകാതിരിക്കൻ

അരി തിളയ്ക്കുമ്പോൾ കലത്തിൽ ഒരു സ്പൂൺ നല്ലെണ്ണ ചേർത്താൽചോറ് കുഴഞ്ഞു

പോവില്ല

•അച്ചാർ കേടാകാതിരിക്കാൻ അച്ചാർ ഭരണിയിൽ പൂപ്പൽ
ഉണാകാതിരിക്കാൻകടുകെണ്ണയു
ഉപ്പും ചേർന്ന മിശ്രിതഭരണിയുടെക
പുറത്ത് പുരട്ടിയാൽ മതി

•പെയിൻ്റ് കളയാൻ : ജനാലകളിൽ പെയിൻ്റ് അംശം
പറ്റിപ്പിടിച്ചത് നീക്കം ചെയ്യാൻ വിനാഗിരി ചൂടാക്കി പുരട്ടുക

•നിറം നഷ്ട്പ്പെടാതിരിക്കാൻ : ആദ്യം ഉപ്പൂം ചേർന്ന വെള്ളത്തിലും പിന്നീട് സോപ്പു
വെള്ളത്തിലും തിരുമ്മിയെടുത്ത ശേഷം വിനാഗിരി
ചേർത്തവെള്ളത്തിൽമുകക്കിയെടുത്ത് ഉണക്കിയാൽ തുണികളുടെ നിറം നഷ്ട്പ്പെടില്ല

•തയ്യൽ മെഷിൻ്റെ വേഗത കൂട്ടാൻ-തയ്യൽ മെഷിനുവേഗത കൂട്ടാൻ ആദ്യം പാരഫിൽ
എണ്ണയിടുക പിന്നിട് വേഗത്തിൽ പ്രവർത്തിപ്പിക്കുക

•വേപ്പിൻ തണ്ട് ഇട്ട് വെള്ളം തിളപ്പിച്ച് കുടിക്കുന്നത് ശരീരത്തിന് നല്ലതാണ്

•ദഹനക്കേടിന് - ദഹനക്കേടിന് ജീരകം ഉത്തമ ഔഷധമാണ്

•തൊണ്ടനീര്, തൊണ്ടയടപ്പ് - തൊണ്ടയടപ്പിന് ഏലയ്ക്കായിട്ടു തിളപ്പിച്ച വെള്ളം
കവിളിൽ കൊള്ളുക

•പൊള്ളലിന് - പൊള്ളലിനും, മുറിലവിനും മഞ്ഞൾ ഉപയോഗിക്കാം

അഞ്ജനമോൾ ഷാജി

# സ്നേഹ ചിറകുകൾ

ഞാനൊരു സ്നേഹ കൂട്ടിൽ ഉള്ളപ്പോൾ

ഞാനെൻറെ ദുഃഖങ്ങൾ എല്ലാം മറക്കുകയാണ്

സുഖത്തിൽ സംതൃപ്ത ആവുകയാണ്

അപ്പോൾ ചിരി എൻറെ മുഖത്തെ തഴുകുന്നു

എൻറെ ഒപ്പം' അവർ' ഉണ്ട് എന്ന്

ചിന്ത എന്നെ സന്തോഷിപ്പിക്കുന്നു

ഏത് പാതിരാവിലും ഒരു ചെറു കിളിയായി

ഞാൻ പാറുന്നു

അവർക്ക് ഞാനും എനിക്ക് അവരും

എന്ന തോന്നൽ ഉള്ള കാലം വരെ

നമ്മളും അവരും ഒരേ പാതയിൽ......

അതിന് മറു പേര് സൗഹൃദം

സായം സന്ധ്യക്ക് സിന്ദൂരം പൂശി

സൂര്യൻ പൊലിയുമ്പോൾ

രജനിയ്ക്കൊപ്പം കൂട്ടിന് എത്തുന്നു

താരകം പോലെ, ചന്ദ്രനെപ്പോലെ

എനിക്കൊപ്പം എക്കാലവും അവർ ഉണ്ട്

എന്ന തോന്നൽ, എന്നെ സ്നേഹിക്കുന്നു.....

ലാളിക്കുന്ന... കൊഞ്ചിക്കുന്ന.....

അതിന് മറുപേര്'' മാതൃത്വം''

**- ഭാരതി കൃഷ്ണ കെ.പി**

# സ്നേഹക്കൂട്

*ഇന്നെന്തേ ഉണ്ണി തന്നരികിൽ വന്നില്ല*

*ഇന്നെന്തേ തന്നെ വിളിപ്പാൻ കൊതിച്ചില്ല*

*മൗനത്തിൽ ഇന്നിതാ ഉദ്യാനം വിതുമ്പുന്നു*

*മൗനത്തിൽ ഇന്നിതാ പൂക്കൾ മയങ്ങുന്നു*



*സ്നേഹത്തിൻ കൂടിതാ സ്നേഹം വെടിയുന്നു*

*സ്നേഹത്തിൻ പക്ഷിയോ എങ്ങോ മറയുന്നു*

*എന്നിട്ടും അമ്മയാ സ്നേഹം കൊതിക്കുന്നു*

*എന്നിട്ടും അമ്മയാ പുഞ്ചിരി ഓർക്കുന്നു*

*ഭക്ഷണം നൽകി വളർത്തിയ കുഞ്ഞിതാ*

*അമ്മ കിളിയെ വെടിഞ്ഞു പാറീടുന്നു*

*ഭക്ഷണം തേടി നടന്നൊരാ നാളുകൾ*

*അമ്മക്കിളി തൻ മനസ്സിൽ വിതുമ്പുന്നു*

*കുഞ്ഞിനു പാർക്കാൻ അമ്മതൻ കൂട്*

*അമ്മയ്ക്കു പാർക്കാൻ കുഞ്ഞിൻ സ്നേഹക്കൂട്*

*കുഞ്ഞിനോ അമ്മയിന്നാരോ ഒരാൾ മാത്രം*

*അമ്മയ്ക്ക തൻറെ മാത്രം ആരോമൽ*

*എത്ര വികലം ഈ മിഥ്യ പ്രപഞ്ചം*

*എത്ര വർണ്ണനാതീതം പ്രപഞ്ചം*

*എത്ര മധുരകരം ജീവിതം*

*എത്ര ദുഃഖിതാം ജീവിതങ്ങൾ*

<u>*അപർണ്ണ കൃഷ്ണ*</u>

# ഉദയസൂര്യൻ

അന്നൊരു തിങ്കളാഴ്ചയായിരുന്നു ശനിയുടെയും ഞായർ ഇന്ത്യയും അവധി കഴിഞ്ഞ് പിറ്റേന്ന് സ്കൂളിൽ പോകാൻ ഉള്ള തിടുക്കത്തിൽ ആയിരുന്നു ഉദയ സൂര്യൻറെ വെളിച്ചം വന്നു കണ്ണിൽ തട്ടി കണ്ണ് തുറന്നപ്പോൾ അമ്മ എഴുന്നേൽക്ക് എന്ന് വിളിച്ചു കൂവാൻ തുടങ്ങി എപ്പോൾ എഴുന്നേറ്റപ്പോൾ പല്ലു തേക്കു കുളിക്ക് എന്നൊക്കെ അമ്മ പറഞ്ഞു ഞാൻ മുഖം കഴുകി പല്ലുതേക്കാൻ ആയി ബ്രഷ്



എടുത്തു കായലി ൻറെതീരത്തേക്ക് നടന്നു അവിടെ ഒരു മരക്കഷണം കിടപ്പുണ്ട് ഞാൻ അതിൻറെ പുറത്ത് കയറി ഇരുന്നു രാവിലെ ഇളം കാറ്റിൻറെ തലോടലിൽ ഞാൻ അവിടുത്തെ ഭംഗി ആസ്വദിച്ചു കാറ്റിൻറെ വീശലിൽ കായൽ നോക്കി ഇരിക്കാൻ എത്ര രസമാ കാറ്റിൽ പൊട്ടി കൊണ്ട് ഒഴുകി ഉലയുന്ന വെള്ളം ഓളപ്പരപ്പിൽ മതിമറന്ന് ഒഴുകുന്നു ആകാശത്തോട് നോക്കുമ്പോൾ ഉദിച്ചുയരുന്ന ചെങ്കൽ നിറത്തോട് ഉള്ള സൂര്യനും വേഗത്തിൽ ഓടുന്ന മേഘങ്ങളും ആകാശത്തുകൂടെ ചിലച്ചു കൊണ്ട് നിരയായി പറക്കുന്ന പക്ഷികളെയും കണ്ട് ഞാൻ ഇരിക്കുമ്പോൾ ആണ് അമ്മയുടെ വിളി ഞാൻ പിന്നെയും അവിടെയിരുന്നു പ്രകൃതിയിലെ ഭംഗി കളെ കുറച്ച് മതിമറന്ന് ചിന്തിച്ചു ഉദയ സൂര്യൻറെ ഭംഗി കണ്ടാൽ പ്രകൃതിയെ കുറിച്ച് നമ്മൾ മതിമറന്ന് ചിന്തിച്ചുപോകും


By: Anamika
Vinod

*ശ്രേയ എസ്*

# തണലായി

പടി ഓരോന്നും കേറിയ വര ഞ്ചും

ഐക്യ മോടെ ഒന്നാം വാരം

കൂട്ടുകൂടി ഒന്നുമുതൽ സ്നേഹത്തിൻ

തണൽ പരസ്പരം തീർത്തു അവർ അഞ്ചുപേരും

രണ്ട അല്ല നമ്മൾ ഒന്നാണ്

എന്ന തിരിച്ചറിവോടെ രണ്ടാംവാരം

ആഹാരവും വെള്ളവും മെല്ലാം

പരസ്പരം പങ്കിട്ടപ്പോഴും

പിരിയില്ല എന്ന ശപഥമായിരുന്നു ഉള്ളിൽ...

മുന്നണി പോലെ ഒന്നാം വാരം

കൂട്ടുതൽ പറഞ്ഞു അറിഞ്ഞു

കളിച്ചും കൂട്ടുകൂടിയും

സങ്കടങ്ങൾ കൈമാറിയും

അവര് അഞ്ചുപേരും ഒന്നുപോലെ

നല്ലവണ്ണം സ്നേഹം പങ്കിട്ട്

അവൾ പഠിച്ചു വളർന്നു

കുഞ്ഞി കിളികളെ പോലെ

അവർ പറന്നു നടന്നു

**വൈഖരി**

എപ്പോഴും അവർ അഞ്ചുപേരും ഒന്നുപോലെ

അഞ്ചു പേരും അഞ്ച്

ഇതളുകളാൽ അവർ

പണിതു ണ്ടാക്കിയനല്ലൊരു

സ്നേഹം തുളുമ്പുന്ന സ്നേഹക്കൂട്

എന്നും ഒന്നായി അവർ അഞ്ചുപേരും സവിത പറയുന്നു

**അഭിരാമി തങ്കച്ചൻ**

# മാടത്തക്കിളി



മാടത്തക്കിളി വരവായി

മാമ്പഴമുണ്ടോ തേൻമാവേ

മഞ്ഞക്കിളിയേ മാങ്ങയിതാ

കുഞ്ഞണ്ണാന് കൂട്ടിനവാ

കാറ്റിൽ ചില്ലയാടുന്നു

കാറ്റുപതുക്കെപ്പാടുന്നു

കളിയുംചിരിയുംകേൾക്കുമ്പോൾ

പുളിമാങ്ങകളും മധുരിക്കും

അണ്ണാൻ കുഞ്ഞുങ്ങളെ വായോ

പുളിമാങ്ങകൾക്ക് കൂട്ടായ്


കളിക്കൂട്ടങ്ങളെ വായോ

പുളിമാങ്ങകൾക്ക് കൂട്ടായ്

നിങ്ങളുടെകളിയുംചിരിയുംകേൾക്കുമ്പോൾ

പുളിമാങ്ങകളും മധുരിക്കും

അമൃത സുരേഷ്


fishes
5
Submited by,

# Asin A

# സ്നേഹക്കൂട്

ഞാനൊരു സ്നേഹ കൂട്ടിൽ ഉള്ളപ്പോൾ

ഞാനെൻറെ ദുഃഖങ്ങൾ എല്ലാം മറക്കുകയാണ്

സുഖത്തിൽ സംതൃപ്ത ആവുകയാണ്

അപ്പോൾ ചിരി എൻറെ മുഖത്തെ തഴുകുന്നു

എൻറെ ഒപ്പം' അവർ' ഉണ്ട് എന്ന്

ചിന്ത എന്നെ സന്തോഷിപ്പിക്കുന്നു

ഏത് പാതിരാവിലും ഒരു ചെറു കിളിയായി

ഞാൻ പാറുന്നു

അവർക്ക് ഞാനും എനിക്ക് അവരും

എന്ന തോന്നൽ ഉള്ള കാലം വരെ

നമ്മളും അവരും ഒരേ പാതയിൽ......

അതിന് മറു പേര് സൗഹൃദം

സായം സന്ധ്യക്ക് സിന്ദൂരം പൂശി

സൂര്യൻ പൊലിയുമ്പോൾ

രജനിയ്ക്കൊപ്പം കൂട്ടിന് എത്തുന്നു

താരകം പോലെ, ചന്ദ്രനെപ്പോലെ

എനിക്കൊപ്പം എക്കാലവും അവർ ഉണ്ട്

എന്ന തോന്നൽ, എന്നെ സ്നേഹിക്കുന്നു.....

ലാളിക്കുന്ന... കൊഞ്ചിക്കുന്നു.....

അതിന് മറുപേര്'' മാതൃത്വം''

**-ഭാരതി കൃഷ്ണ കെ.പി**

# കടലവട

## ആവശ്യമുള്ള സാധനങ്ങൾ;

കടല (വെള്ളത്തിൽ കുതിർത്തതത് )-ഒരു കപ്പ്
സവാള - ഒന്ന്
പച്ചമുളക് - ആവശ്യത്തിന്
കറിവേപ്പ്
ഉപ്പ്
കായം - കാൽ ടീസ്പൂൺ
എണ്ണ (നല്ലെണ്ണ/ഓയിൽ)

തയ്യാറാക്കുന്ന വിധം:
പച്ചമുളക്

വെള്ളത്തിൽ കുതിർത്തകടല മിക്സിയിൽ ഇട്ടടിക്കുക.അതിലേക്ക് അരിഞ്ഞുവെച്ച സവാള,പച്ചമുളക്,കറിവെപ്പ്,എന്നിവയിട്ട് വീണ്ടും അടിക്കുക.ശേഷം ഇതൊരു പാത്രത്തിലാക്കി അതിലേക്ക് ഉപ്പും,കായവും ഇട്ടിളക്കുക.ശേഷം ചൂടായ എണ്ണയിലേക്ക് ഈ ബാറ്റൻ പരിപ്പുവടയുടെ ആക്രിതയിൽ വറുത്തെടുക്കുക.

കടലവട റെഡി

അർച്ചന സി.എം

# കൃഷിച്ചൊല്ലുകൾ

. മകരത്തിൽ മഴപെയ്താൽ മലനാടും മുടിയും .

.മണ്ണ് വിറ്റ് പെണ്ണുവാങ്ങരുത്.

.മണ്ണറിഞ്ഞ വളം ചെയ്താൽ കിണ്ണം നിറയെ ഉണ്ണാം.

.മനോരാജ്യം കൊണ്ട് വിതച്ചാൽ



അരിവാളില്ലാതെ കൊയ്യാം.
.മുതിരയ്ക്ക് മൂന്നു മഴ.
.വേണമെൻകിൽ ചക്ക വേരിലും കായിക്കും .
.പയ്യെ തിന്നാൽ പനയും തിന്നാം.
.വിതച്ചതേ കൊയ്യൂ.
.ഞാറ്റിൽ പിഴച്ചാൽ ചോറ്റി പിഴയ്ക്കും .
.വിത്തുഗുണം പത്തുഗുണം.
.വിത്തുണ്ടെൻഗിൽ പത്തായവുമുണ്ടാകും
.വിയർത്തവൻെറ വിശപ്പിന്
സുഖമുണ്ട്.
.വിത്തിനനുസരിച്ച് വിളവ്.
.വിത്തവിറ്റ് വിരുന്നൂട്ടരുത്.
.ഇരുന്നുണ്ടവൻ രുചിയറിയില്ല .കിളച്ചുണ്ടവനെ രുചിയറിയൂ
.കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിലായാൽ എൻ കണ്ണിനോളം.


3
NIGHTINGALE
by . ABhimanue.M

# സത്യാന്വേഷി

- 1869 ഒക്ടോബർ 2 ഗാന്ധിജി ജനിച്ച 1 വർഷം
- 1915 ജനുവരി 9 ഗാന്ധിയെത്തുന്നത് പ്രവാസി ജീവിതം അവസാനിപ്പിച്ചത് ഇന്ത്യയിൽ
- തിരിച്ചെത്തിയ വർഷം
- 1917 ചാമ്പരൻ സത്യാഗ്രഹം
- 1930 മാർച്ച് 12 ദണ്ഡിയാത്ര നടത്തിയത്
- 1952 ഗാന്ധിജി ശ്രീനാരായണ ഗുരുവിനെ സന്ദർശിച്ച
- ഗാന്ധിജി പങ്കെടുത്ത വട്ടമേശ സമ്മേളനം രണ്ടാം വട്ടമേശ സമ്മേളനം
- ഗാന്ധിജിയുടെ മാതാപിതാക്കൾ
- പിതാവ് ദിവാൻ കരം ചന്ദ്
- മാതാവ് പുത്തലീഭായ്
- കേരള ഗാന്ധി എന്നറിയപ്പെടുന്നത്  കെ കേളപ്പൻ
- ഗാന്ധിജിയുടെ ജന്മദിനം ഐക്യരാഷ്ട്രസഭ എന്തുദിനമായാണ് ആചരിക്കുന്നത്
- അഹിംസാദിനം




നന്ദി
2K20 LITTLE KITES